മി. സ്പീക്കർ : ശ്രീ. കെ. പി. പ്രഭാകരൻ അദ്ദേഹത്തിനു പറയാനുള്ളതു വിശദമായി പറഞ്ഞു. ഇനി മുഖ്യമന്ത്രിക്കു പറയേണ്ടുള്ളതു കേൾക്കണ്ടേ? മുഖ്യമന്ത്രിക്കു പറയാനുള്ളതുകേൾക്കൂ. ശ്രീ. കെ. പി. പ്രഭാകരനു പറയാനുള്ളതു പറയാൻ സമയം കൊടുത്തു.

ശ്രീ. കെ. കരുണാകരൻ : സർ, റെയിൽവേയെ സംബന്ധിച്ചിടത്തോളം അവരുടെ പരാതി റെയിൽവേ പോലീസുണ്ടെന്നാണ്. റെയിൽവേ പോലീസിനെ സാധാരണ സ്റ്റേറ്റു പോലീസാണ് സഹായിക്കാറുള്ളത്. ടിക്കറ്റ് എടുക്കാതെ യാത്ര ചെയ്യാൻ പാടില്ല.....(ബഹളം).....

മി. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്ന ഓരോ വാചകത്തിലും ഇങ്ങനെ ഇടപെടുന്നതു ശരിയല്ല. ശ്രീ. കെ. പി. പ്രഭാകരനു പറയാനുള്ളത് സാവകാശം പറയാൻ സമയം കൊടുത്തു, ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ അനുവാദം കൊടുത്തതാണ്. അതുകൊണ്ട് ബഹുമാനപ്പെട്ടമുഖ്യമന്ത്രി പറയുന്നതും ദയവായി കേൾക്കൂ.

ശ്രീ. കെ. കരുണാകരൻ : സർ, ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം ഇക്കാര്യത്തെ സംബന്ധിച്ചു അന്വേഷിച്ചപ്പോൾ ടിക്കറ്റ് എടുക്കാതെ വന്ന ആളുകളെ തടഞ്ഞിട്ടുണ്ടെന്നു പറഞ്ഞു. ടിക്കറ്റെടുക്കാതെ തീവണ്ടി കയറാൻ സാധിക്കുകയില്ല. അവരെ പുറത്താക്കി. ഒരു കാര്യം ഞാൻ പറയാൻ ആഗ്രഹിക്കുന്നു.....(ബഹളം).....ഏതു ഗവൺമെൻറിന്റെ കാലത്തും നിയമവാഴ്ചയുണ്ടെങ്കിൽ നിയമം ലംഘിക്കുന്നവരെ കയറൂരിവിടാൻ സാദ്ധ്യമല്ല. അതു വളരെ വ്യക്തമായി പറയുന്നു. സർ, സെക്രട്ടറിയറ്റിന്റെ കാര്യത്തിൽ, ഈ സെക്രട്ടറിയറ്റു പ്രൊട്ടക്ടു ചെയ്യേണ്ടെ ? അത് ഗവൺമെൻറിന്റെ ചുമതലയാണ്. ആ ചുമതല ഗവൺമെൻറു നിർവ്വഹിക്കുകയാണ്. ആ ചുമതലയിൽനിന്നും ഗവൺമെൻറിനെ പിൻമാറുന്നത് നമുക്കാർക്കും നല്ലതല്ല. ഈ സഭയിൽപ്പോലും നമുക്കു ശാന്തമായി കൂടാനുള്ള ഒരു അന്തരീക്ഷം ഉണ്ടാകേണ്ടേ ? ആ അന്തരീക്ഷം സൃഷ്ടിക്കുകയെന്നത് ഗവൺമെൻറിന്റെ ചുമതലയാണ്. അല്ലാതെ യാതൊരു വിധത്തിലുള്ള ഉദ്ദേശവും ഇതിന്റെ പിന്നിലില്ല. യുവാക്കളെ സംബന്ധിച്ചിടത്തോളം തൊഴിൽസാദ്ധ്യതകൾക്കുള്ള നടപടികളും ഞാൻ വിശദീകരിച്ചുകഴിഞ്ഞു. ഇനിയും ചില പരിപാടികളും ആവിഷ്കരിക്കുന്നുണ്ട്.

10. വോട്ടർ പട്ടിക പുതുക്കുന്നതിനെ സംബന്ധിച്ച്

ശ്രീ. ഇ. കെ. നായനാർ : സ്പീക്കർ സർ, 1987 ജനുവരി 1-ാം തീയതിവച്ച് വോട്ടർ പട്ടിക പുതുക്കുന്നതിനുവേണ്ടി ഗവൺമെൻറ് ഒരു കാര്യപരിപാടി തയ്യാറാക്കിയിരുന്നു. അതനുസരിച്ച് വീടുവീടാന്തരമുള്ള എന്യൂമറേഷൻ സെപ്റ്റംബർ 30-നകം പൂർത്തിയാക്കണമെന്നും നവംബർ 15-നകം വോട്ടർ പട്ടികയുടെ ഡ്രാഫ്റ്റ് അച്ചടിച്ച് പൂർത്തിയാക്കണമെന്നുമായിരുന്നു പരിപാടി. 1986 ജൂലായ് 10-ൻറ കത്തിനെ പരാമർശിച്ചുകൊണ്ട് സെപ്റ്റംബർ 30-ന് ഇലക്ഷൻ കമ്മീഷൻ ജനറൽ ഡിപ്പാർട്ടുമെൻറിൽ നിന്ന് ഒരു കത്തയച്ചു. അതിൽ "....I am to inform you that the Election Commission of India has since revised the programme for the intensive revision of Electoral Rolls of all the Legislative Assembly Constituencies in the State, which 1987 January first as qualifying date. In partial modification of the electoral programme communicated to you wide

LIBRARY ARCHIVES Kerala Legislative Assembly

reference cited, there is no change in the date of final publication of the Rolls....'' Draft publication of electoral rolls, 1987 November 17 ആണ് എന്നാണ് പറയുന്നത്. വോട്ടർ പട്ടികയുടെ ഡ്രാഫ്റ്റ് നവംബർ 17-ാം തീയതി പ്രസിദ്ധപ്പെടുത്തിയെന്ന് പ്രഖ്യാപിച്ചിരുന്നു. കോഴിക്കോട് നിന്നും തൃശ്ശൂരിൽനിന്നും ആലപ്പുഴയിൽനിന്നും എല്ലാം ലഭിച്ച കമ്പി സന്ദേശം എന്റെ കൈയിലുണ്ട്. അവിടെയൊന്നും ഇത് പബ്ലിഷ് ചെയ്തിട്ടില്ല; എന്നാൽ ഈ കാര്യപരിപാടിയനുസരിച്ച് 17-ാം തീയതി വോട്ടർ പട്ടികയുടെ ഡ്രാഫ്റ്റ് ഈ ജില്ലകളിലൊന്നും പബ്ലിഷ് ചെയ്തിട്ടില്ല. അതുകൊണ്ട് ഈ ആക്ഷേപങ്ങളം കേട്ട് അന്തിമമായ ഒരു തീർപ്പ് കൽപ്പിക്കാനും വോട്ടർ പട്ടിക പ്രസിദ്ധപ്പെടുത്താനും ജനുവരി 9-ാം തീയതി സാദ്ധ്യമല്ല. കേന്ദ്ര ഇലക്ഷൻ കമ്മിഷൻ പറഞ്ഞതുപോലെ ജനുവരി 9-ാം തീയതി ഫൈനലായിട്ട് വോട്ടർ പട്ടിക പ്രസിദ്ധപ്പെടുത്താൻ ഇന്നത്തെ നിലയിൽ ഒരുപക്ഷേ സാധിക്കുകയില്ല. അതായിരുന്നു എനിക്ക് മനസ്സിലാക്കുവാൻ വൈകുന്നേരവും ഇന്ന് രാവിലെയുമായിട്ട് ലഭിച്ച കമ്പികളം കാണിക്കുന്നത്. വോട്ടർപട്ടിക പുതുക്കുന്നത് സംബന്ധിച്ച പരിപാടിയുടെ പുരോഗതി ആരായുന്നതിനായി 11-ാം തീയതി ആഭ്യന്തര കാര്യങ്ങളം സംബന്ധിച്ച ഒരു സബ്ജക്ട് കമ്മിറ്റി വച്ചിരുന്നു. അത് മുഖ്യമന്ത്രി വച്ച സബ്ജക്ട് കമ്മിറ്റിയാണ്. ആ യോഗത്തിൽ ഇലക്ഷൻ കമ്മിഷനെയടക്കം പങ്കെടുപ്പിക്കണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് ഞാൻ ഒരു കത്തയച്ചിരുന്നു. പക്ഷേ അന്ന് ആ കമ്മിറ്റിയേ നടന്നില്ല. അത് പോസ്റ്റ്പോൺ ചെയ്യുകയാണുണ്ടായത്. ആ കമ്മിറ്റി നടക്കാത്തതുകൊണ്ട് ഞങ്ങൾക്ക് ഇതിനെപ്പറ്റി അന്വേഷിക്കാനോ, അതുപോലെ തന്നെ കൃത്യ സമയത്ത് പ്രസിദ്ധപ്പെടുത്താതിരിക്കുവാനുള്ള കാരണം ആരായാനോ സാധിച്ചില്ല. ഇപ്പോഴം ആണെങ്കിൽ ഡ്രാഫ്റ്റ് 17-ാം തീയതി പ്രസിദ്ധപ്പെടുത്തിയില്ലെന്ന് മാത്രമല്ല, ഗവൺമെന്റ് അക്കാര്യം ബന്ധപ്പെട്ട പാർട്ടികളെ അറിയിച്ചുമില്ല. പാർട്ടികളെ അറിയിക്കേണ്ടതും പാർട്ടികൾക്ക് കോപ്പി കൊടുക്കേണ്ടതുമായിരുന്നു. അത്തരത്തിൽ കോപ്പി കൊടുത്തില്ല. അതുപോലെ ഡ്രാഫ്റ്റ് മറ്റൊരു തീയതി വച്ചു പ്രസിദ്ധപ്പെടുത്താനാണ് ഇപ്പോഴത്തെ നീക്കം. അതുകൊണ്ട് ഈ കാര്യത്തെപ്പറ്റി എനിക്ക് പറയാനുള്ളത് പ്രഖ്യാപിത പരിപാടിയനുസരിച്ച് പ്രസിദ്ധപ്പെടുത്താൻ കഴിയാതെ വരുന്നതിന് എന്തോ കാരണമുണ്ടെന്നാണ്. ഞാൻ അന്വേഷിച്ചപ്പോഴാണ് അറിഞ്ഞത് ഗവൺമെന്റ് പ്രസ്സിൽ അടിക്കുന്നില്ലെന്നാണ്. അത് പ്രൈവറ്റ് പ്രസ്സിലാണ് അടിക്കുന്നത്. ഗവൺമെന്റ് പ്രസ്സിൽ 100 രൂപയാണെങ്കിൽ പ്രൈവറ്റ് പ്രസ്സിൽ 17 രൂപയാണ്. അതുകൊണ്ട് പൈസയുടെ കൂടുതൽ കൊണ്ടാണ് ഗവൺമെന്റ് പ്രസ്സിൽ കൊടുക്കാത്തതെന്നാണ് പറയുന്നത്. അതൊക്കെ ഗവൺമെന്റ് കൈകാര്യം ചെയ്യേണ്ടതാണ്. പ്രൈവറ്റ് പ്രസ്സുകാർ പറയുന്നത് 17 രൂപയായതുകൊണ്ട്, വില വർദ്ധിച്ചതുകൊണ്ട് അടിക്കാൻ സാദ്ധ്യമല്ലെന്നാണ്. അതുകൊണ്ട് അച്ചടിക്കുന്നതിൽ തന്നെ അങ്ങേയറ്റം നിരുത്തരവാദപരമായ ഒരു സമീപനമാണ് ഈ ഗവൺമെന്റ് എടുത്തത്. അച്ചടിക്കാൻ ഗവൺമെന്റ് പ്രസ്സിൽ കൊടുത്തില്ല. അപ്പോഴം ആ അടിസ്ഥാനത്തിൽ അച്ചടിക്കാൻ തന്നെ വോട്ടേഴ്സ് ലിസ്റ്റ് കൈകാര്യം ചെയ്യുന്നതിൽ അങ്ങേയറ്റം നിരുത്തരവാദപരമായ ഒരു സമീപനം കൈക്കൊണ്ടു, അതേ സമയത്ത് ഇലക്ഷൻ കമ്മിഷൻ തന്നത് there is no change in the draft publication of rolls എന്നാണ്. നവംബർ 17-ന് അത് നടക്കുകയില്ല. അതുകൊണ്ട് ഈ കാര്യത്തിൽ ഭരണകക്ഷിക്ക് ഉത്തരവാദിത്വമില്ലേ? ഭരണപക്ഷം നിരുത്തരവാദപരമായിട്ടാണ് ഈ ഇലക്ഷനെ കൈകാര്യം ചെയ്യുന്നത്. നിങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly

കക്ഷിക്ക് അഭിപ്രായവ്യത്യാസമുണ്ടെങ്കിൽ മറെറല്ലാവരെയും എന്തിനാണ് ഓർക്കുന്നത് ? അത് നിങ്ങൾ ചർച്ച ചെയ്യണം. പക്ഷേ പാർട്ടികൾക്ക് ഇതിന്റെ കോപ്പി കിട്ടിയിട്ടില്ല. അതുകൊണ്ട് ആളുകൾക്ക് റിവൈസ് ചെയ്യാനും തിരുത്താനുമുള്ള സമയമില്ല. അതുകൊണ്ട് നിങ്ങളുടെ ഇത്തരത്തിലുള്ള സമീപനം മാറെറി അതിനുള്ള അവസരം ഈ രാജ്യത്തെ വോട്ടർമാർക്ക് കൊടുക്കാനും പാർട്ടികൾക്ക് അതിന്റെ കോപ്പി കൊടുക്കാനും അച്ചടിച്ച് കൃത്യമായി എത്തിക്കാനുമുള്ള ഉത്തരവാദിത്വം മുഖ്യ മന്ത്രിക്ക് ആണ്. അത് കൈകാര്യം ചെയ്യാതെ ഇലക്ഷൻ നീട്ടിക്കൊണ്ട് പോകാൻ കേരളാ കോൺഗ്രസ് ഒരു പ്രമേയം പാസ്സാക്കിയത് പത്രത്തിൽ വന്നതാണ്. വോട്ടേഴ്സ് ലിസ്റെറ് കിട്ടാതെ ഇലക്ഷൻ നടക്കുകയില്ല. മുഖ്യമന്ത്രി അച്ചടിക്കുന്നതിൽ കുഴപ്പം വരുത്തി, എനിക്ക് തന്ന ഉറപ്പ് ലംഘിച്ചു. അതുകൊണ്ട് ഈ കാര്യത്തെപ്പറെറി വോട്ടർമാർക്ക് സൗകര്യം നൽകണം. അത്തരത്തിലുള്ള ഒരു സമീപനം കൈക്കൊണ്ട് വോട്ടേഴ്സ് ലിസ്റെറ് പബ്ലിഷ് ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : വോട്ടേഴ്സ് പട്ടികയെ സംബന്ധിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഉന്നയിച്ച കാര്യത്തെ സംബന്ധിച്ച് ഞാൻ അന്വേഷിച്ചു. അന്വേഷണത്തിൽനിന്ന് മനസ്സിലാക്കാൻ കഴിഞ്ഞത് 17-ാം തീയതി വോട്ടർ പട്ടിക പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടെന്നാണ്. .....(ബഹളം)..... സാധാരണ എല്ലാകാലത്തും ഇലക്ഷൻ നടത്താൻ സ്വീകരിച്ചിട്ടുള്ള നടപടിക്രമമാണ് ഇപ്പോഴും നടക്കുന്നത്. ഇലക്ഷൻ കമ്മിഷന്റെ നിയന്ത്രണത്തിലാണ് നടക്കുന്നത്. ഇലക്ഷൻ കമ്മിഷൻ നിയോഗിച്ചിട്ടുള്ള ഓഫീസറൻമാരാണ് ഇലക്ഷൻ നടത്തുന്നത്. ഗവൺമെൻറ് അവരെ സഹായിക്കുന്നുണ്ട്. വോട്ടർ പട്ടിക പ്രിൻറ് ചെയ്യാൻ ചില റേറാ വച്ചിട്ടുണ്ട്. ആ റേറാ സ്വകാര്യ പ്രസ്സുകാരെ സംബന്ധിച്ച് അവർക്ക് ആദായകരമല്ലാത്തതുകൊണ്ട് പലരും അത് വിസമ്മതിച്ചെങ്കിലും ചില സ്വകാര്യ പ്രസ്സുകാർ അത് ഏറെറടുത്തിട്ടുണ്ട്. സർക്കാർ പ്രസ്സിൽ മാത്രം അച്ചടിച്ചാൽ തീരുകയില്ല. അതുകൊണ്ട് സ്വകാര്യ പ്രസ്സിൽകൂടി കൊടുക്കേണ്ടതായി വന്നു. സ്വകാര്യ പ്രസ്സിൽനിന്ന് മുഴുവൻ അച്ചടിച്ചു കിട്ടിയില്ല. എങ്കിലും ഈ കാര്യത്തിൽ ഇലക്ടറൽ ഓഫീസറൻമാരായിട്ടുള്ള തഹസീൽദാർ പട്ടികയുടെ പൂർണ്ണരൂപം താലൂക്കാഫീസിലും പട്ടികയുടെ ഭാഗങ്ങൾ ബന്ധപ്പെട്ട പഞ്ചായത്താഫീസിലും ആണ് പ്രസിദ്ധപ്പെടുത്തേണ്ടത്. അതുപ്രകാരം എല്ലാ കളക്ടർക്കും നിർദ്ദേശം കൊടുത്തിരുന്നു. അവരിൽനിന്ന് കിട്ടിയ നിർദ്ദേശമനുസരിച്ച് നവംബർ മാസം 17-ാം തീയതിതന്നെ പ്രസിദ്ധീകരണം നടത്തിയതായി എല്ലാ കളക്ടർമാരും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഏതെങ്കിലും നിയോജകമണ്ഡലത്തിൽ വോട്ടർപട്ടിക പ്രസിദ്ധീകരിക്കപ്പെട്ടിട്ടില്ലെന്ന് ഗവൺമെൻറിന് പരാതി കിട്ടിയിട്ടുമില്ല. ഇക്കാര്യത്തിൽ നടത്തേണ്ടതായ നടപടികളും സ്വീകരിച്ചിട്ടുണ്ട്. നവംബർ 17-ാം തീയതിതന്നെ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. പാർട്ടികൾക്ക് കൊടുക്കാനുള്ള രണ്ടു കോപ്പി വീതം പ്രിൻറ് ചെയ്ത് കിട്ടിയാലുടനെ തന്നെ കൊടുക്കാം. ഡിസംബർ മാസം 17-ാം തീയതിവരെ ഈ പട്ടികയിൽ വിട്ടുപോയത് തിരുത്താനുള്ള അവസരമുണ്ട്. ആവശ്യമായ എല്ലാ നടപടികളും കൃത്യമായി തന്നെ നടത്തുന്നതാണ്.

ശ്രീ. ഇ. കെ. നായനാർ : ബഹുമാനപ്പെട്ട സ്പീക്കർ, മുഖ്യമന്ത്രി സത്യവിരുദ്ധമായിട്ടാണ് പറഞ്ഞത്. എനിക്ക് മനസ്സിലായത് കിട്ടിയ കത്തിൽ പറയുന്നത് "Draft voters list not published even today in the Constituencies of " എന്നാണ്.

LIBRARY ARCHIVES Kerala Legislative Assembly